**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും ഉണ്ടാക്കിയ പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ ക്ഷേമ-വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും ഗണ്യമായ പുരോഗതി ഉണ്ടാക്കിയതായി വിലയിരുത്തുന്നു. ആധുനിക മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം, വള്ളങ്ങളുടെ നവീകരണം, ആഴക്കടൽ മത്സ്യബന്ധന പ്രോത്സാഹനം എന്നിവ വഴി മത്സ്യത്തൊഴിലാളികളുടെ ഉൽപ്പാദന ശേഷിയും വരുമാനവും വർധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതികൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സുരക്ഷിത താമസ സൗകര്യം ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ആനുകൂല്യങ്ങൾ, ഇൻഷുറൻസ് പദ്ധതികൾ, വിദ്യാഭ്യാസ സഹായങ്ങൾ എന്നിവ കുടുംബങ്ങളുടെ സാമൂഹ്യ സുരക്ഷ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ഹാർബർ വികസനം, കോൾഡ് ചെയിൻ സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ മത്സ്യത്തിന്റെ ഗുണമേന്മ നഷ്ടപ്പെടാതെ തന്നെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് സഹായിക്കുന്നു. അതിലൂടെ മത്സ്യത്തിന് നല്ല വില ലഭിക്കുന്നതിനും സഹായിക്കുന്നു.<br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 16 പദ്ധതികളും അനുബന്ധത്തൊഴിലാളികൾക്കായി 15 പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി 2 പ്രത്യേക പദ്ധതികളും, 14 പുതിയ പദ്ധതികളുമുൾപ്പെടെ ആകെ 47 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ 14 എണ്ണം നിലവിലെ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച നടപ്പിലാക്കിയവയാണ്. മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും |

ജീവിതനിലവാരത്തിലും പുരോഗതി കൈവരിക്കുന്നതിന് മത്സ്യബോർഡ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ സഹായകരമായിട്ടുണ്ട്.

മത്സ്യബോർഡിന്റെ 40 വർഷത്തെ പ്രവർത്തന കാലയളവിൽ ആദ്യമായി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യം പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 2,500 രൂപ വിരമിക്കൽ ആനുകൂല്യമായി നൽകുന്നുണ്ട്.

നിലവിലെ സർക്കാരിന്റെ കാലയളവിൽ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും ഉണ്ടാക്കിയ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ കണ്ടാലും.

മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും, ജീവിത നിലവാരത്തിലും, പുരോഗതി കൈവരിക്കുന്നതിനായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (NCDC ധനസഹായത്തോടെ മത്സ്യഫെഡ് വഴി സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും, എഞ്ചിനുകളും അനുബന്ധ ഉപകരണങ്ങളും വായ്പയായി വിതരണം ചെയ്തു വരുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരാകുകയും, ഗ്രൂപ്പ് അടിസ്ഥാനത്തിൽ യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളും, വലകളും അനുബന്ധ ഉപകരണങ്ങളും വായ്പയായി സബ്സിഡിയോടുകൂടി ലഭിക്കുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രസ്തുത പദ്ധതി മത്സ്യത്തൊഴിലാളികളെ സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും, പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി വള്ളം, വല, എഞ്ചിൻ എന്നിവ വിതരണം ചെയ്യുന്നതിനായി ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വീതം നൂറ് യൂണിറ്റുകൾക്ക് 500 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും, ആയത് അനുസരിച്ച് 60% വായ്പയോടും, 40% സബ്സിഡിയോടും കൂടി 100 മത്സ്യത്തൊഴിലാളികൾ എഫ്.ആർ.പി യാനം സ്വന്തമാക്കുകയും ചെയ്യുതിലൂടെ മത്സ്യത്തൊഴിലാളികളുടെ

ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**ദേശീയ സഹകരണ വികസന കേർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**

ടി പദ്ധതി വഴി 2021 മുതൽ നാളിതുവരെ 15526 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ടേം വായ്പയും, മൈക്രോഫിനാൻസ് വായ്പയും**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 7% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. മേൽ പദ്ധതികളിലായി 98000 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി 2021 മുതൽ നാളിതുവരെ 30948 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ലോൺ ഡിസ്പൂസ് റിലീഫ് സ്കീം (LDRS)**

ഈ പദ്ധതി വഴി 2021 മുതൽ നാളിതു വരെ 432 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**വലകൾക്കുള്ള സബ്സിഡി പദ്ധതി**

ഈ പദ്ധതി വഴി 2021 മുതൽ നാളിതുവരെ 516 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**നാടൻ വള്ളങ്ങളുടെ നവീകരണം**

2021 മുതൽ നാളിതുവരെ 841 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്

**മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

2021 മുതൽ നാളിതുവരെ 133 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ബ്ലൂ റവല്യൂഷൻ**

ടി പദ്ധതി പ്രകാരം 200 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ടി പദ്ധതി പ്രകാരം 100 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ള  വായ്പകളിൽ മേൽ 31/03/2020 വരെ കുടിശ്ശിക നിൽക്കുന്ന പലിശ, പിഴപ്പലിശ ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31/03/2024 വരെ  നടപ്പിലാക്കി. 10 ജില്ലകളിലായി 1073 ഗുണഭോക്താക്കൾ വായ്പ തീർപ്പാക്കുകയും ചെയ്തു.

**മത്സ്യബന്ധന വള്ളങ്ങൾ വലിക്കുന്നതിനുള്ള ട്രാക്ടർ**

മത്സ്യബന്ധന വള്ളങ്ങൾ കടലിലേയ്ക്ക് ഇറക്കുന്നതിനും, കരയിലേയ്ക്ക് വലിച്ചുകയറ്റുന്നതിനും സംസ്ഥാന സർക്കാരിൻറെ 2022-23 ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുകയും തിരുവനന്തപുരം ജില്ലയിലെ രണ്ട് സഹകരണ സംഘങ്ങൾക്ക് ട്രാക്ടർ വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി**

2021 മുതൽ നാളിതുവരെ  മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി വഴി 408 മത്സ്യത്തൊഴിലാളികൾക്കായി 18 കോടിയോളം രൂപ നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസ അവാർഡ് 'മികവ്'**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് ക്യാഷ് അവാർഡും, സ്മരണികയും നൽകിവരുന്നു.

**കോളനി പുനർനിർമ്മാണം/വീട് അറ്റകുറ്റപ്പണി**

ഫിഷറീസ് വകുപ്പ് മുഖേന 2023–24 സാമ്പത്തിക വർഷത്തിൽ അതീവ ശോചനീയാവസ്ഥയിലുള്ള 184 വീടുകളുടെ പുനർനിർമാണത്തിനായി യൂണിറ്റ് ഒന്നിന് ₹4 ലക്ഷം നിരക്കിൽ ആകെ ₹7.36 കോടി രൂപയുടെ പദ്ധതി വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നതാണ്. കൂടാതെ സംസ്ഥാനത്തെ തീരദേശ മേഖലകളിൽ ജീർണാവസ്ഥയിലായ മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുനരുദ്ധരിക്കുന്നതിനായി 2025–26 സാമ്പത്തിക വർഷത്തിൽ ആകെ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ യൂണിറ്റിനും ₹1,00,000/- വീതം രണ്ട് ഗഡുക്കളായി (₹50,000 + ₹50,000) ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

**പുനർഗേഹം**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷമാണ് ഭരണാനുമതി നൽകിയത്.

സ്വന്തമായി സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നവർക്ക് 10 ലക്ഷം രൂപ (സ്ഥലം വാങ്ങാൻ 6 ലക്ഷം, വീട് പണിയാൻ 4 ലക്ഷം) വിതരണം ചെയ്യുന്നത് ഈ സർക്കാരിന്റെ കാലത്തും മുടക്കമില്ലാതെ തുടരുന്നു.

സ്വന്തമായി സ്ഥലം കണ്ടെത്താൻ പ്രയാസമുള്ളവർക്കായി സർക്കാർ ഭൂമിയിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നു. പുനർഗേഹം പദ്ധതി പ്രകാരം 2782 വ്യക്തിഗത ഭവനങ്ങളും 738 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. 1170 വ്യക്തിഗത ഭവനങ്ങളും 788 ഫ്ലാറ്റുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇപ്രകാരം നിലവിൽ ഈ പദ്ധതി പ്രകാരം 5478 പേരുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്.

**ഓഖി പാക്കേജ്**

2017 നവംബർ 29, 30 തീയതികളിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക

വിനിയോഗിച്ച് നടപ്പിലാക്കി. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.22 കോടി രൂപ ലഭ്യമാകുകയും 52.0935 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ച് നൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വീതം അടിയന്തര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധന സഹായമായി 10,68,000/- രൂപയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കടൽത്തീരത്തു നിന്ന് 50 മീറ്റർ മാറി സുരക്ഷിത സ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. ആകെയുള്ള 72 പേരിൽ വീട് വയ്ക്കുന്നതിന് തയ്യാറായ 22 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടിരൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 22 പേരിൽ 22പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി. 16 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 3

പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഇതുവരെ 2.34കോടി രൂപ ചെലവഴിച്ചു.

ഓഖി ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 1.945 കോടി ചെലവഴിച്ചു.

ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന പദ്ധതി പ്രകാരം ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴ് ഘട്ടങ്ങളിലായി 7.38 കോടിരൂപ നഷ്ടപരിഹാരം അനുവദിച്ചു.

ഓഖി വിദ്യാഭ്യാസ ധനസഹായ പാക്കേജ് പ്രകാരം ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചു. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ എൽ കെ ജി മുതൽ വിവിധ ബിരുദ ബിരുദാനന്തര ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം വിദ്യാഭ്യാസം താമസ സൗകര്യം എന്നിവക്കുള്ള ചെലവുകൾ വഹിക്കുന്നതിനാണ് തുക അനുവദിക്കുന്നത്. മത്സ്യമേഖലയിലെ നിരാലംബരായ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

**മറൈൻ ആംബുലൻസ്.**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 24 മണിക്കൂറും പ്രവർത്തന സജ്ജമായ 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനുള്ള എല്ലാ വിധ സജ്ജീകരണങ്ങളും പാരാ മെഡിക്കൽ സ്റ്റാഫുകളും സീ റെസ്ക്യൂ ഗാർഡുമാരും ആംബുലൻസിൽ ലഭ്യമാണ്. മൂന്ന് ആമ്പുലൻസുകൾക്കുമായി ആകെ ചെലവായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ CMDRF ൽ നിന്നും വിനിയോഗിച്ചിരുന്നു.

**ലൈഫ് ജാക്കറ്റ് വിതരണം**

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക്

ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടിരൂപ അനുവദിച്ചു മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകി. പദ്ധതിയ്ക്കായി 6.0494കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.

**സാറ്റലൈറ്റ് ഫോൺ.**

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന്9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25 കോടി രൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ഗുണഭോക്താക്കൾക്കു വിതരണത്തിനായി ജില്ലാ ഓഫീസർമാർക്ക് നൽകിയിരുന്നു.

**കടൽ സുരക്ഷാ സ്ക്വാഡ്**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടിരൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിനലാണ് പരിശീലനം നൽകുന്നത്. 781 പേർക്ക് നാളിതുവരെ പരിശീലനം നൽകുകയും ബാക്കിയുള്ള 106പേർക്കുള്ള പരിശീലനം അവസാനഘട്ടത്തിലാണ്. 5.8396 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**FRP ബോട്ട്.**

120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ചിരുന്നു. നാളിതുവരെ 117 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അനുസാരികകൾ എന്നിവ മത്സ്യഫെഡ് വഴി നൽകി. നാളിതുവരെ 8.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും**

ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

നിർമ്മിക്കുന്നതിന് 400 ലക്ഷംരൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകി. വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച ഭക്ഷ്യ സംസ്കരണ യൂണിറ്റും വിഴിഞ്ഞം ആഴക്കുളത്തു ഒരു സീഫുഡ് കിച്ചൻ യൂണിറ്റും ഇതിൽ ഉൾപ്പെടുന്നു

**ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാളുടെ നഷ്ടപരിഹാരം -** 20.19ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചു.

**ഓഖി ദുരന്തത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ ആശ്രിതർക്ക് തൊഴിൽദാന പദ്ധതി.**

ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണ് ഉള്ളത്. 21.10.2018 ലെ സ. ഉ (സാധാ) നം. 681/2018/മ ത്സ്യ വ നമ്പർ ഉത്തരവ് പ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽ താഴെ പ്രായമുള്ളതും SSLC യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ളതായ 41 പേർക്ക് മത്സ്യഫെഡ് ന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിനു ഉത്തരവായിരുന്നു. മേൽ ഉത്തരവിൻ പ്രകാരമുള്ള ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ 2 പേർ മരിച്ചവർ/ കാണാതായവരുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ലാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റുന്നവർ ആണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കുകയും ശേഷിക്കുന്ന 39 പേരെ നെറ്റ് ഫാക്ടറിയിലെ ജോലിക്കായി പരിഗണിക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 13 പേരടങ്ങിയ ആശ്രിതരിൽ വിസ്സമ്മത പത്രം നൽകിയ ഒരാൾ ഒഴികെ 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് പരിഗണിക്കുന്നതിനായി സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭാസ യോഗ്യതയുള്ള രണ്ടു പേർക്ക് ആരോഗ്യ വകുപ്പിൽ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിക്കുന്നതിനു ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡ് ൽ ജോലി നൽകിയ 39 പേരും ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് ശുപാർശ ചെയ്ത 12 പേരും വിസ്സമ്മത പത്രം സമർപ്പിച്ച ഒരാളും ഉൾപ്പടെ 52 പേരുടെ ആശ്രിതരെയാണ് ജോലിയ്ക്ക് ശിപാർശ ചെയ്തത്. ബാക്കിയുള്ള 90 പേരുടെ ആശ്രിത ലിസ്റ്റ് സർക്കാർ പരിഗണനയിലാണ്.

**വിദ്യാതീരം പദ്ധതി**

ഫിഷറീസ് വകുപ്പ് വിദ്യാതീരം പദ്ധതി വഴി ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ – മെട്രിക് തലത്തിൽ

പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവയും നൽകി വരുന്നു. നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ ഐ ടി/ എൻ ഐ ടി എൻട്രൻസ് പരിശീലന പരിപാടികൾ/ സിവിൽ സർവ്വീസ് പരിശീലനം എന്നിവയ്ക്ക് അനുവദനീയമായ നിശ്ചിത തുക പരിശീലന സ്ഥാനങ്ങളിലേക്ക് അനുവദിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളായ അച്ഛനും അമ്മയും നഷ്ടപ്പെട്ട നിരാലംബരായ വിദ്യാർത്ഥികളെ സർക്കാർ ദത്തെടുത്തു ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി വഴി ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ വരെ വർഷം തോറും അനുവദിച്ചു വരുന്നു. ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനുള്ള തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു Career guidance programme എല്ലാ വർഷവും നൽകി വരുന്നു. പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരഞ്ഞെടുത്തു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. എട്ടാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് താമസിച്ചു പഠിക്കാനാകുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 എണ്ണം ജി ആർ എഫ് ടി എച്ച് എസ് പ്രവർത്തിച്ചു വരുന്നു. അവിടെ സൗജന്യ താമസം, ഭക്ഷണം, ലാബ്, ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ എല്ലാം സൗജന്യമായി നൽകുന്നു. ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണത്തിനുമായി ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് ഒരു ലക്ഷം രൂപ വീതം സ്കൂളുകൾക്ക് അനുവദിച്ചു നൽകുന്നു. ഇതുപയോഗപ്പെടുത്തി സ്പോർട്സ് കോച്ചിന്റെ സേവനം ഉറപ്പാക്കാനും കായിക ഉപകരണങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്നു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിദ്യാഭ്യാസ ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണ പദ്ധതികൾ, കൃത്രിമപാര് സ്ഥാപിക്കൽ, മത്സ്യഗ്രാമങ്ങളുടെ വികസനം, തീര സംരക്ഷണ പദ്ധതികൾ, ഹാർബർ നിർമ്മാണം എന്നീ വിവിധ

പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായതും സുരക്ഷിതവമായ മത്സ്യബന്ധനം**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക്സുഗമമായതുംസുരക്ഷിതവമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മരത്തടിയിൽ നിർമ്മിച്ചതും  കാലപ്പഴക്കം ചെന്നതുമായ 30 യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി മാറ്റുന്നതിന്/ നവീകരിക്കുന്നതിന് 9 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവു വരുന്ന 100 വീതം FRP മൽസ്യ ബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ വീതം പദ്ധതി നടപ്പിലാക്കി. FRP യാനത്തിനു പുറമെ എഞ്ചിൻ മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്.

1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 177 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ. പി. ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ്  പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനായി മത്സ്യഫെഡ് മുഖാന്തിരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി 2021-22 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22സാമ്പത്തിക വർഷംതിരുവനന്തപുരംജില്ലയിലെ 9 മത്സ്യഗ്രാമങ്ങളിലായി 1910 റീഫ് മോഡ്യൂളുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കി. തുടർന്ന് 2023-24 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾനിക്ഷേപിക്കുകയും ചെയ്തു.

പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ

ആരംഭിച്ച കഴിഞ്ഞു. നിലവിൽ ആകെ 1,97,800 പോമ്പാനോ കുഞ്ഞുങ്ങളെ നിക്ഷേപിച്ച കഴിഞ്ഞു.

**വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ**

മത്സ്യബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I ആയി** ചേർക്കുന്നു.

**മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ**

**വിദ്യാതീരം പദ്ധതി**

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും ദത്തെടുക്കൽ പദ്ധതി വഴി ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ അനുവദിച്ച നൽകി വരുന്നു. നടപ്പ് വർഷം ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുകയും വിവിധ ജില്ലകളിലായി 22 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പത്ത് ഫിഷറീസ് സ്കൂളുകളിലെയും പ്രതിദിന നടത്തിപ്പിനും മെസ് അലവൻസ്, കെയർ ടേക്കർ വേതനം, സ്കൂൾ ഹോസ്റ്റലിൽ താമസിച്ച പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, ബാഗ് ബെഡ്-ഷീറ്റ്, പില്ലോ, പില്ലോ കവർ, സ്റ്റഡി ടൂർ മെഡിക്കൽ കെയർ, സ്പെഷ്യൽ ട്രെയിനിംഗ്, ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഓപ്പറേഷണൽ എക്സ്പൻസ് ഘടകത്തിൽ നിശ്ചിത തുക അനുവദിച്ച വരുന്നുണ്ട്. നടപ്പ് വർഷം 3.02 കോടി രൂപ നാളിതു വരെ ഇതിനായി അനുവദിച്ച നൽകിയിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ (GRFTHS) കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് ഒരു ലക്ഷം രൂപ വീതം സ്കൂളുകൾക്ക് അനുവദിച്ച നൽകുന്നു. 2023-24 വർഷം സ്പോർട്സ് കേരള ഫൌണ്ടേഷൻ വഴി 42 ലക്ഷം രൂപ ചെലവിൽ GRFTHS ഉൾപ്പെടെ തീരദേശത്തെ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ, ജഴ്സി, സ്പോർട്സ് കിറ്റ് എന്നിവയും സ്പോർട്സ് കോച്ചിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 7 GRFTHS ൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു 3.5 കോടി രൂപയ്ക്കു ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കി വരുന്നു. TIDE കേരളം പദ്ധതിയുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര-വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ട് പത്ത് സ്കൂളിലും ക്ലിനിക്കൽ

സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് വർഷം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വഴി 666 വിദ്യാർത്ഥികൾക്ക് നടപ്പ് വർഷം പ്രയോജനം ലഭിച്ചു വരുന്നു.

പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരെഞ്ഞെടുത്തു കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി വിദ്യാർഥികളുടെ വിദ്യഭ്യാസ ധന സഹായ ഇനത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ-മെടിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവയും നൽകി വരുന്നു. കുടിശിക ഇല്ലാതെ മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി നടപ്പ് വർഷം പ്ലാൻ, നോൺ പ്ലാൻ, അധിക-ധനാനുമതി, പുനർവിനിയോഗം എന്നിവയിലൂടെ 88.46 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അൻപതിനായിരത്തിലധികം വിദ്യാർത്ഥികൾക്ക് പ്രതിവർഷം വിദ്യഭ്യാസ ധനസഹായ ഇനത്തിൽ ആനുകൂല്യം ലഭിക്കുന്നുണ്ട്.

വിദ്യാർത്ഥികളെ സർക്കാർ ചെലവിൽ വിവിധ കോച്ചിംഗ് സെന്ററുകളിൽ അയച്ചു മെഡിക്കൽ /NIT/IIT/സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു .നടപ്പ് വർഷവും 130 വിദ്യർത്ഥികൾക്ക് മെഡിക്കൽ എൻടൻസ് കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് NIT/IIT കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് എന്നിവ നൽകി വരുന്നു. വിദ്യാതീരം പദ്ധതിയിലൂടെ നൽകിയ കോച്ചിംഗ് വഴി നാളിതുവരെ 104 വിദ്യാർത്ഥികൾക്ക് എം ബി ബി എസ് കോഴ്സിനും 102 വിദ്യാർത്ഥികൾക്ക് ബി.ടെക്ക്/ ബി ഡി എസ്/ബി എ എം എസ്/ബി എച്ച് എം എസ്/ ബി വിഎസ്സി തുടങ്ങിയ കോഴ്സുകൾക്കും 111 വിദ്യാർത്ഥികൾക്ക് മറ്റ് അനുബന്ധ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യത്തൊഴിലാളി വിദ്യർത്ഥികൾക്ക് വിദേശ പഠന സൗകര്യവും നൽകുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 3 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനു ധന സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

ഈ സർക്കാരിന്റെ കാലയളവിൽ (2021-26) 2501 പേർ കുടി ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിക്കുയും 2587 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി

(20), മുട്ടത്തറ പ്രത്യാശ (332) , കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) , ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ ഈ സർക്കാരിന്റെ കാലളവിൽ (2021-26) നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 204 ഫ്ലാറ്റുകൾ നിർമ്മാണം ആരംഭിച്ച് പുരോഗമിച്ചു വരിച്ചു വരികയുമാണ്.

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുന്നതുമായ ഫ്ലാറ്റുകൾ**

ഈ സർക്കാരിന്റെ കാലയളവിൽ (2021-26) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 392 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ (24) ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

**ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണം ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുന്നതുമായ ഫ്ലാറ്റുകൾ**

പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി ഈ സർക്കാർ ഈ സാമ്പത്തിക വർഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നു.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ്&റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | **വനിതകളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സാഫ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ**<br><br>1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം<br><br>2. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം<br><br>3.ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത വായ്പ<br><br>4. ഒരു കുടുംബം ഒരു ജോലി<br><br>5.ടെക്നോളജി ഇംപ്രൂവ്മെന്റ്<br><br>6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ<br><br>7. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി<br><br>8. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്<br><br>9.തീരമാവേലി<br><br>10. ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)<br><br>11.കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:<br><br>12. ബ്രാന്റിംഗ് &മാർക്കറ്റിങ്ങ്<br><br>മേൽ പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതികൾ വഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ ക്ഷേമ-വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും ഗണ്യമായ പുരോഗതി ഉണ്ടാക്കിയതായി വിലയിരുത്തുന്നു. ആധുനിക മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം, വള്ളങ്ങളുടെ നവീകരണം, ആഴക്കടൽ മത്സ്യബന്ധന പ്രോത്സാഹനം എന്നിവ വഴി മത്സ്യത്തൊഴിലാളികളുടെ ഉൽപ്പാദന ശേഷിയും വരുമാനവും വർധിച്ചിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതികൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സുരക്ഷിത താമസ സൗകര്യം ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ആനുകൂല്യങ്ങൾ, ഇൻഷുറൻസ് പദ്ധതികൾ, |

വിദ്യാഭ്യാസ സഹായങ്ങൾ എന്നിവ കുടുംബങ്ങളുടെ സാമൂഹ്യ സുരക്ഷ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ഹാർബർ വികസനം, കോൾഡ് ചെയിൻ സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ മത്സ്യത്തിന്റെ ഗുണമേന്മ നഷ്ടപ്പെടാതെ തന്നെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് സഹായിക്കുന്നു. അതിലൂടെ മത്സ്യത്തിന് നല്ല വില ലഭിക്കുന്നതിനും സഹായിക്കുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 16 പദ്ധതികളും അനുബന്ധത്തൊഴിലാളികൾക്കായി 15 പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി 2 പ്രത്യേക പദ്ധതികളും, 14 പുതിയ പദ്ധതികളുമുൾപ്പെടെ ആകെ 47 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ 14 എണ്ണം നിലവിലെ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയവയാണ്. മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും പുരോഗതി കൈവരിക്കുന്നതിന് മത്സ്യബോർഡ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ സഹായകരമായിട്ടുണ്ട്.

മത്സ്യബോർഡിന്റെ 40 വർഷത്തെ പ്രവർത്തന കാലയളവിൽ ആദ്യമായി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യം പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞത് 2,500 രൂപ വിരമിക്കൽ ആനുകൂല്യമായി നൽകുന്നുണ്ട്.

നിലവിലെ സർക്കാരിന്റെ കാലയളവിൽ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും ഉണ്ടാക്കിയ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ കണ്ടാലും.

മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും, ജീവിത നിലവാരത്തിലും, പുരോഗതി കൈവരിക്കുന്നതിനായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (NCDC ധനസഹായത്തോടെ മത്സ്യഫെഡ് വഴി സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും, എഞ്ചിനുകളും അനുബന്ധ ഉപകരണങ്ങളും വായ്പയായി വിതരണം ചെയ്തു വരുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളുടെ

ഉടമസ്ഥരാകുകയും, ഗ്രൂപ്പ് അടിസ്ഥാനത്തിൽ യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളും, വലകളും അനുബന്ധ ഉപകരണങ്ങളും വായ്പയായി സബ്സിഡിയോടുകൂടി ലഭിക്കുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രസ്തുത പദ്ധതി മത്സ്യത്തൊഴിലാളികളെ സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും, പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി വള്ളം, വല, എഞ്ചിൻ എന്നിവ വിതരണം ചെയ്യുന്നതിനായി ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വീതം നൂറ് യൂണിറ്റുകൾക്ക് 500 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും, ആയത് അനുസരിച്ച് 60% വായ്പയോടും, 40% സബ്സിഡിയോടും കൂടി 100 മത്സ്യത്തൊഴിലാളികൾ എഫ്.ആർ.പി യാനം സ്വന്തമാക്കുകയും ചെയ്തതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**ദേശീയ സഹകരണ വികസന കേർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**

ടി പദ്ധതി വഴി 2021 മുതൽ നാളിതുവരെ 15526 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ടേം വായ്പയും, മൈക്രോഫിനാൻസ് വായ്പയും**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 7% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. മേൽ പദ്ധതികളിലായി 98000 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി 2021 മുതൽ നാളിതുവരെ 30948 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)**

ഈ പദ്ധതി വഴി 2021 മുതൽ നാളിതു വരെ 432 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**വലകൾക്കുള്ള സബ്സിഡി പദ്ധതി**

ഈ പദ്ധതി വഴി 2021 മുതൽ നാളിതുവരെ 516 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**നാടൻ വള്ളങ്ങളുടെ നവീകരണം**

2021 മുതൽ നാളിതുവരെ 841 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്

**മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

2021 മുതൽ നാളിതുവരെ 133 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ബ്ലൂ റവല്യൂഷൻ**

ടി പദ്ധതി പ്രകാരം 200 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ടി പദ്ധതി പ്രകാരം 100 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ള  വായ്പകളിൽ മേൽ 31/03/2020 വരെ കുടിശ്ശിക നിൽക്കുന്ന പലിശ, പിഴപ്പലിശ ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31/03/2024 വരെ  നടപ്പിലാക്കി. 10 ജില്ലകളിലായി 1073 ഗുണഭോക്താക്കൾ വായ്പ തീർപ്പാക്കുകയും ചെയ്തു.

**മത്സ്യബന്ധന വള്ളങ്ങൾ വലിക്കുന്നതിനുള്ള ട്രാക്ടർ**

മത്സ്യബന്ധന വള്ളങ്ങൾ കടലിലേയ്ക്ക് ഇറക്കുന്നതിനും, കരയിലേയ്ക്ക് വലിച്ചുകയറ്റുന്നതിനും സംസ്ഥാന സർക്കാരിൻറെ 2022-23 ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുകയും തിരുവനന്തപുരം

ജില്ലയിലെ രണ്ട് സഹകരണ സംഘങ്ങൾക്ക് ട്രാക്ടർ വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

2021 മുതൽ നാളിതുവരെ  മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി വഴി 408 മത്സ്യത്തൊഴിലാളികൾക്കായി 18 കോടിയോളം രൂപ നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസ അവാർഡ് 'മികവ്'**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് ക്യാഷ് അവാർഡും, സ്മരണികയും നൽകിവരുന്നു.

**കോളനി പുനർനിർമ്മാണം/വീട് അറ്റകുറ്റപ്പണി**

ഫിഷറീസ് വകുപ്പ് മുഖേന 2023–24 സാമ്പത്തിക വർഷത്തിൽ അതീവ ശോചനീയാവസ്ഥയിലുള്ള 184 വീടുകളുടെ പുനർനിർമാണത്തിനായി യൂണിറ്റ് ഒന്നിന് ₹4 ലക്ഷം നിരക്കിൽ ആകെ ₹7.36 കോടി രൂപയുടെ പദ്ധതി വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നതാണ്. കൂടാതെ സംസ്ഥാനത്തെ തീരദേശ മേഖലകളിൽ ജീർണാവസ്ഥയിലായ മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുനരുദ്ധരിക്കുന്നതിനായി 2025–26 സാമ്പത്തിക വർഷത്തിൽ ആകെ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ യൂണിറ്റിനും ₹1,00,000/- വീതം രണ്ട് ഗഡുക്കളായി (₹50,000 + ₹50,000) ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

**പുനർഗേഹം**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷമാണ് ഭരണാനുമതി നൽകിയത്.

സ്വന്തമായി സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നവർക്ക് 10 ലക്ഷം രൂപ (സ്ഥലം വാങ്ങാൻ 6 ലക്ഷം, വീട് പണിയാൻ 4 ലക്ഷം) വിതരണം ചെയ്യുന്നത് ഈ സർക്കാരിന്റെ കാലത്തും മുടക്കമില്ലാതെ തുടരുന്നു.

സ്വന്തമായി സ്ഥലം കണ്ടെത്താൻ പ്രയാസമുള്ളവർക്കായി സർക്കാർ ഭൂമിയിൽ അത്യാധുനിക

സൗകര്യങ്ങളോടെയുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നു. പുനർഗേഹം പദ്ധതി പ്രകാരം 2782 വ്യക്തിഗത ഭവനങ്ങളും 738 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. 1170 വ്യക്തിഗത ഭവനങ്ങളും 788 ഫ്ലാറ്റുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇപ്രകാരം നിലവിൽ ഈ പദ്ധതി പ്രകാരം 5478 പേരുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്.

**ഓഖി പാക്കേജ്**

2017 നവംബർ 29, 30 തീയതികളിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.22 കോടി രൂപ ലഭ്യമാകുകയും 52.0935 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വീതം അടിയന്തര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധന സഹായമായി 10,68,000/- രൂപയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പു മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കടൽത്തീരത്തു നിന്ന് 50

മീറ്റർ മാറി സുരക്ഷിത സ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. ആകെയുള്ള 72 പേരിൽ വീട് വയ്ക്കുന്നതിന് തയ്യാറായ 22 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടിരൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 22 പേരിൽ 22പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി. 16 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഇതുവരെ 2.34കോടി രൂപ ചെലവഴിച്ചു.

ഓഖി ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 1.945 കോടി ചെലവഴിച്ചു.

ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ട്ടപരിഹാരം അനുവദിക്കുന്ന പദ്ധതി പ്രകാരം ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴ് ഘട്ടങ്ങളിലായി 7.38 കോടിരൂപ നഷ്ടപരിഹാരം അനുവദിച്ചു.

ഓഖി വിദ്യാഭ്യാസ ധനസഹായ പാക്കേജ് പ്രകാരം ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചു. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ എൽ കെ ജി മുതൽ വിവിധ ബിരുദ ബിരുദാനന്തര ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം വിദ്യാഭ്യാസം താമസ സൗകര്യം എന്നിവക്കുള്ള ചെലവുകൾ വഹിക്കുന്നതിനാണ് തുക അനുവദിക്കുന്നത്. മത്സ്യമേഖലയിലെ നിരാലംബരായ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

**മറൈൻ ആംബുലൻസ്:**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 24 മണിക്കൂറും പ്രവർത്തന സജ്ജമായ 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച വരുന്നു. പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനുള്ള എല്ലാ വിധ സജ്ജീകരണങ്ങളും പാരാ മെഡിക്കൽ സ്റ്റാഫുകളും സീ റെസ്ക്യൂ ഗാർഡുമാരും ആംബുലൻസിൽ ലഭ്യമാണ്. മൂന്ന് ആമ്പുലൻസുകൾക്കുമായി ആകെ ചെലവായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ CMDRF ൽ നിന്നും വിനിയോഗിച്ചിരുന്നു.

**ലൈഫ് ജാക്കറ്റ് വിതരണം**

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടിരൂപ അനുവദിച്ച മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകി. പദ്ധതിയ്ക്കായി 6.0494കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.

**സാറ്റലൈറ്റ് ഫോൺ.**

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന്9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25 കോടി രൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ഗുണഭോക്താക്കൾക്കു വിതരണത്തിനായി ജില്ലാ ഓഫീസർമാർക്ക് നൽകിയിരുന്നു.

**കടൽ സുരക്ഷാ സ്ക്വാഡ്**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടിരൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിനലാണ് പരിശീലനം നൽകുന്നത്. 781 പേർക്ക് നാളിതുവരെ പരിശീലനം നൽകുകയും ബാക്കിയുള്ള 106പേർക്കുള്ള പരിശീലനം അവസാനഘട്ടത്തിലാണ്. 5.8396 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**FRP ബോട്ട്.**

120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ചിരുന്നു. നാളിതുവരെ 117 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അനുസാരികകൾ എന്നിവ മത്സ്യഫെഡ് വഴി നൽകി. നാളിതുവരെ 8.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും**

ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷംരൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകി. വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച ഭക്ഷ്യ സംസ്കരണ യൂണിറ്റും വിഴിഞ്ഞം ആഴക്കുളത്തു ഒരു സീഫുഡ് കിച്ചൻ യൂണിറ്റും ഇതിൽ ഉൾപ്പെടുന്നു

**ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാളുടെ നഷ്ടപരിഹാരം -** 20.19ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചു.

**ഓഖി ദുരന്തത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ ആശ്രിതർക്ക് തൊഴിൽദാന പദ്ധതി.**

ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണ് ഉള്ളത്. 21.10.2018 ലെ സ. ഉ (സാധാ) നം. 681/2018/മ തു വ നമ്പർ ഉത്തരവ് പ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽ താഴെ പ്രായമുള്ളതും SSLC യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ളതായ 41 പേർക്ക് മത്സ്യഫെഡ് ന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിനു ഉത്തരവായിരുന്നു. മേൽ ഉത്തരവിൻ പ്രകാരമുള്ള ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ 2 പേർ മരിച്ചവർ/ കാണാതായവരുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ലാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റുന്നവർ ആണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കുകയും ശേഷിക്കുന്ന 39 പേരെ നെറ്റ് ഫാക്ടറിയിലെ ജോലിക്കായി പരിഗണിക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 13

പേരടങ്ങിയ ആശ്രിതരിൽ വിസ്സമ്മത പത്രം നൽകിയ ഒരാൾ ഒഴികെ 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് പരിഗണിക്കുന്നതിനായി സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭാസ യോഗ്യതയുള്ള രണ്ടു പേർക്ക് ആരോഗ്യ വകുപ്പിൽ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിക്കുന്നതിനു ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡ്ൽ ജോലി നൽകിയ 39 പേരും ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് ശുപാർശ ചെയ്ത 12 പേരും വിസ്സമ്മത പത്രം സമർപ്പിച്ച ഒരാളും ഉൾപ്പടെ 52 പേരുടെ ആശ്രിതരെയാണ് ജോലിയ്ക്ക് ശിപാർശ ചെയ്തത്. ബാക്കിയുള്ള 90 പേരുടെ ആശ്രിത ലിസ്റ്റ് സർക്കാർ പരിഗണനയിലാണ്.

**വിദ്യാതീരം പദ്ധതി**

ഫിഷറീസ് വകുപ്പ് വിദ്യാതീരം പദ്ധതി വഴി ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ – മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവയും നൽകി വരുന്നു. നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ ഐ ടി/ എൻ ഐ ടി എൻട്രൻസ് പരിശീലന പരിപാടികൾ/ സിവിൽ സർവ്വീസ് പരിശീലനം എന്നിവയ്ക്ക് അനുവദനീയമായ നിശ്ചിത തുക പരിശീലന സ്ഥാനങ്ങളിലേക്ക് അനുവദിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളായ അച്ഛനും അമ്മയും നഷ്ടപ്പെട്ട നിരാലംബരായ വിദ്യാർത്ഥികളെ സർക്കാർ ദത്തെടുത്തു ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി വഴി ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ വരെ വർഷം തോറും അനുവദിച്ചു വരുന്നു. ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനുള്ള തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു Career guidance programme എല്ലാ വർഷവും നൽകി വരുന്നു. പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരഞ്ഞെടുത്തു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. എട്ടാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് താമസിച്ചു പഠിക്കാനാകുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 എണ്ണം ജി ആർ എഫ് ടി എച്ച് എസ് പ്രവർത്തിച്ചു വരുന്നു. അവിടെ സൗജന്യ താമസം, ഭക്ഷണം, ലാബ്, ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ എല്ലാം സൗജന്യമായി നൽകുന്നു. ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണത്തിനുമായി ക്ലിനിക്കൽ

സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് ഒരു ലക്ഷം രൂപ വീതം സ്കൂളുകൾക്ക് അനുവദിച്ച നൽകുന്നു. ഇതുപയോഗപ്പെടുത്തി സ്പോർട്സ് കോച്ചിന്റെ സേവനം ഉറപ്പാക്കാനും കായിക ഉപകരണങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്നു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിദ്യാഭ്യാസ ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണ പദ്ധതികൾ, കൃത്രിമപാര് സ്ഥാപിക്കൽ, മത്സ്യഗ്രാമങ്ങളുടെ വികസനം, തീര സംരക്ഷണ പദ്ധതികൾ, ഹാർബർ നിർമ്മാണം എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായതും സുരക്ഷിതവമായ മത്സ്യബന്ധനം**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക്സുഗമമായതുംസുരക്ഷിതവമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മരത്തടിയിൽ നിർമ്മിച്ചതും കാലപ്പഴക്കം ചെന്നതുമായ 30 യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി മാറ്റുന്നതിന്/ നവീകരിക്കുന്നതിന് 9 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവു വരുന്ന 100 വീതം FRP മൽസ്യ ബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ വീതം പദ്ധതി നടപ്പിലാക്കി. FRP യാനത്തിനു പുറമെ എഞ്ചിൻ മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്.

1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി

മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 177 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ. പി. ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനായി മത്സ്യഫെഡ് മുഖാന്തിരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി 2021-22 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22സാമ്പത്തിക വർഷംതിരുവനന്തപുരംജില്ലയിലെ 9 മത്സ്യഗ്രാമങ്ങളിലായി 1910 റീഫ് മോഡ്യൂളുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കി. തുടർന്ന് 2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസവും ഉപജീവന മാർഗ്ഗം

പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾനിക്ഷേപിക്കുകയും ചെയ്തു.

പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നിലവിൽ ആകെ 1,97,800 പോമ്പാനോ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കഴിഞ്ഞു.

**വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ**

മത്സ്യബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I ആയി** ചേർക്കുന്നു.

**മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ**

**വിദ്യാതീരം പദ്ധതി**

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും ദത്തെടുക്കൽ പദ്ധതി വഴി ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ അനുവദിച്ചു നൽകി വരുന്നു. നടപ്പ് വർഷം ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുകയും വിവിധ ജില്ലകളിലായി 22 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പത്ത് ഫിഷറീസ് സ്കൂളുകളിലെയും പ്രതിദിന നടത്തിപ്പിനും മെസ് അലവൻസ്, കെയർ ടേക്കർ വേതനം, സ്കൂൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, ബാഗ് ബെഡ്-ഷീറ്റ്, പില്ലോ, പില്ലോ കവർ, സ്റ്റഡി ടൂർ മെഡിക്കൽ കെയർ, സ്പെഷ്യൽ ട്രെയിനിംഗ്, ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഓപ്പറേഷണൽ എക്സ്പൻസ് ഘടകത്തിൽ നിശ്ചിത തുക അനുവദിച്ചു

വരുന്നുണ്ട്. നടപ്പ് വർഷം 3.02 കോടി രൂപ നാളിതു വരെ ഇതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ (GRFTHS) കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് ഒരു ലക്ഷം രൂപ വീതം സ്കൂളുകൾക്ക് അനുവദിച്ചു നൽകുന്നു. 2023-24 വർഷം സ്പോർട്സ് കേരള ഫൌണ്ടേഷൻ വഴി 42 ലക്ഷം രൂപ ചെലവിൽ GRFTHS ഉൾപ്പെടെ തീരദേശത്തെ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ, ജഴ്സി, സ്പോർട്സ് കിറ്റ് എന്നിവയും സ്പോർട്സ് കോച്ചിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 7 GRFTHS ൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു 3.5 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കി വരുന്നു. TIDE കേരളം പദ്ധതിയുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര-വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ട് പത്ത് സ്കൂളിലും ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് വർഷം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വഴി 666 വിദ്യാർത്ഥികൾക്ക് നടപ്പ് വർഷം പ്രയോജനം ലഭിച്ചു വരുന്നു.

പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരെഞ്ഞെടുത്തു  കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി വിദ്യാർഥികളുടെ വിദ്യഭ്യാസ ധന സഹായ ഇനത്തിൽ  ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവയും നൽകി വരുന്നു. കുടിശിക ഇല്ലാതെ മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി നടപ്പ് വർഷം പ്ലാൻ, നോൺ പ്ലാൻ, അധിക-ധനാനുമതി, പുനർവിനിയോഗം എന്നിവയിലൂടെ 88.46 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അൻപതിനായിരത്തിലധികം വിദ്യാർത്ഥികൾക്ക് പ്രതിവർഷം വിദ്യഭ്യാസ ധനസഹായ ഇനത്തിൽ  ആനുകൂല്യം ലഭിക്കുന്നുണ്ട്.

വിദ്യാർത്ഥികളെ സർക്കാർ ചെലവിൽ വിവിധ കോച്ചിംഗ് സെന്ററുകളിൽ അയച്ചു മെഡിക്കൽ /NIT/IIT/സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു .നടപ്പ് വർഷവും 130 വിദ്യർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് NIT/IIT കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് എന്നിവ നൽകി വരുന്നു.  വിദ്യാതീരം പദ്ധതിയിലൂടെ നൽകിയ

കോച്ചിംഗ് വഴി  നാളിതുവരെ 104 വിദ്യാർത്ഥികൾക്ക് എം ബി ബി എസ് കോഴ്സിനും 102 വിദ്യാർത്ഥികൾക്ക് ബി.ടെക്ക്/ ബി ഡി എസ്/ബി എ എം എസ്/ബി എച്ച് എം എസ്/ ബി വിഎസ്സി തുടങ്ങിയ കോഴ്സുകൾക്കും 111 വിദ്യാർത്ഥികൾക്ക് മറ്റ് അനുബന്ധ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യത്തൊഴിലാളി വിദ്യർത്ഥികൾക്ക് വിദേശ പഠന സൗകര്യവും നൽകുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 3 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനു ധന സഹായം അനുവദിച്ച നൽകിയിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

ഈ സർക്കാരിന്റെ കാലയളവിൽ (2021-26) 2501 പേർ കൂടി ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിക്കുയും 2587 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332) , കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) , ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ ഈ സർക്കാരിന്റെ കാലളവിൽ (2021-26) നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 204 ഫ്ലാറ്റുകൾ നിർമ്മാണം ആരംഭിച്ച് പുരോഗമിച്ചു വരിച്ചു വരികയുമാണ്.

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും നിർമ്മാണം  പുരോഗമിക്കുന്നതുമായ ഫ്ലാറ്റുകൾ**

ഈ സർക്കാരിന്റെ കാലയളവിൽ (2021-26) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 392 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ (24) ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

**ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണം ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുന്നതുമായ ഫ്ലാറ്റുകൾ**

പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി ഈ സർക്കാർ ഈ സാമ്പത്തിക വർഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നു.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ്&റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

**വനിതകളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിന് സാഫ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം

2. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം

3.ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത വായ്പ

4. ഒരു കുടുംബം ഒരു ജോലി

5.ടെക്നോളജി ഇംപ്രൂവ്മെന്റ്

6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

7. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി

8. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

9.തീരമാവേലി

10. ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)

11.കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:

12. ബ്രാന്റിംഗ് &മാർക്കറ്റിങ്ങ്

മേൽ പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധന മേഖലയിലെ വനിതകളെയും യുവജനങ്ങളെയും സംരംഭകരാക്കുന്നതിനായി സർക്കാർ നൽകുന്ന സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ ഫലമായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (സി) | **മത്സ്യഫെഡ്**<br><br>മത്സ്യബന്ധന മേഖലയിലെ വനിതകളെയും യുവജനങ്ങളെയും സംരംഭകരമാക്കുന്നതിനായി സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ( എൻ.ബി സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ( എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ടേം വായ്പയും, മൈക്രോഫിനാൻസ് വായ്പയും**<br><br>മേൽ പദ്ധതികളിലായി 98000 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>**മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**<br><br>ഈ പദ്ധതി വഴി 2021 മുതൽ നാളിതുവരെ 30948 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>**ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)**<br><br>ഈ പദ്ധതി വഴി 2021 മുതൽ നാളിതു വരെ 432 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>**വനിതകളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ വരുത്തുന്നതിന് സാഫ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ**<br><br>1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം<br><br>2. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം<br><br>3.ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത വായ്പ<br><br>4. ഒരു കുടുംബം ഒരു ജോലി<br><br>5.ടെക്നോളജി ഇംപ്രൂവ്മെന്റ്<br><br>6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ<br><br>7. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി<br><br>8. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് |

| | | | |
|---|---|---|---|
| | | | 9.തീരമാവേലി<br><br>10. ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)<br><br>11.കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:<br><br>12. ബ്രാന്റിംഗ് &മാർക്കറ്റിങ്ങ്<br><br>മേൽ പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>മത്സ്യബന്ധന മേഖയിലെ വനിതകൾക്കും യുവജനങ്ങൾക്കും മാത്രമായി മത്സ്യബോർഡ് സംരംഭകത്വ പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും അംഗവൈകല്യം സംഭവിച്ച ക്ഷേമനിധി അംഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 25,000/- രൂപ അനുവദിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – I
## മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

| | പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ്**<br>**എ.** അപകടമരണം/കാണാതാകൽ<br>**ബി.** അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>**സി.** അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>ഡി. അപകടം മൂലം പരിക്ക് പറ്റി 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിൽസിയ്ക്കുന്നതിന്<br>ഇ. അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളിക ളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം<br>എഫ്. ശവസംസ്കാര ചെലവ് | 10,00,000/– രൂപ<br>10,00,000/– രൂപ<br>5,00,000/– രൂപ<br>50,000/– രൂപ<br>5,000/– രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/– രൂപ)<br>2,500/– രൂപ |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി | 1,00,000/– രൂപ |
| 3 | വിവാഹ ധനസഹായ പദ്ധതി | 25,000/– രൂപ |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2000/– രൂപ |
| 5 | വാർദ്ധക്യകാല പെൻഷൻ | 2000/ Month |
| 6 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി | 500/– രൂപ |
| 7 | മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർ ക്കുള്ള ധനസഹായ പദ്ധതി | 15,000/– രൂപ |
| 8 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്<br>1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും എ + നേടുന്നവർക്ക്<br>2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ എ + നേടുന്നവർക്ക്<br>3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ എ + നേടുന്നവർക്ക്<br>4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവുംഉയർന്നഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോസ്കൂളിലെയും)<br>ക്യാഷ് അവാർഡിന് പുറമേ മെറിറ്റ് | <br>5,000/– രൂപ<br>4,000/– രൂപ<br>3,000/– രൂപ<br>3,000/– രൂപ |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റുകളും മൊമെന്റോയും നൽകുന്നതാണ്. | |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- രൂപ |
| 10 | മാരകരോഗ ചികിൽസാ പദ്ധതി<br>പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും<br>1. ഹൃദ്രോഗം<br>2. വൃക്കരോഗം<br>3. കാൻസർ<br>4. തലച്ചോറിലെ ട്യൂമർ<br>5. തളർവാതം<br>6. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | 50,000/- രൂപ<br>50,000/- രൂപ<br>50,000/- രൂപ<br>50,000/- രൂപ<br>12,000/- രൂപ<br>5,000/- രൂപ |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000/- രൂപ പരമാവധി |
| 12 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- രൂപ |
| 13 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.<br>ഹയർ സെക്കന്ററി (+2), വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം. | 5,000/- രൂപ |
| 14 | മരിച്ച മത്സ്യത്തൊഴിലാളിയുടെ ഭാര്യമാർക്ക് വിധവ പെൻഷൻ | 2000/-Month |
| 15 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി<br>എ. ദേശീയ തലത്തിൽ (വ്യക്തിഗതം)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ബി.ദേശീയ തലത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>സി. സംസ്ഥാന തലത്തിൽ (വ്യക്തിഗതം)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ഡി. സംസ്ഥാന തലത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | 10,000/- രൂപ<br>8,000/- രൂപ<br>5,000/- രൂപ<br>8,000/- രൂപ<br>5,000/- രൂപ<br>3,000/- രൂപ<br>5,000/- രൂപ<br>3,000/- രൂപ<br>2,000/- രൂപ<br>3,000/- രൂപ<br>2,000/- രൂപ<br>1,000/- രൂപ |
| 16 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം (പരമാവധി 50,000/-രൂപ) |

| | | |
|---|---|---|
| | **അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ** | |
| | പദ്ധതി | ധനസഹായ തുക |
| **1** | വാർദ്ധക്യകാല പെൻഷൻ | 2000/- രൂപ /Month |
| 2 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br><br>എ. അപകടമരണം<br><br>ബി. അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br><br>സി. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br><br>ഡി. അപകടം മൂലം പരിക്ക് പറ്റി 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിൽസിയ്ക്കുന്നതിന്<br><br>ഇ. അപകട മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം<br><br>എഫ്. ശവസംസ്കാര ചെലവ് | 10,00,000/- രൂപ<br><br>10,00,000/- രൂപ<br><br>5,00,000/- രൂപ<br><br>50,000/- രൂപ<br><br>5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ)<br><br>2,500/- രൂപ |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000/- രൂപ |
| 4 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/-രൂപ |

| | | |
|---|---|---|
| 5 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്<br>1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും എ + നേടുന്നവർക്ക്<br>2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ എ + നേടുന്നവർക്ക്<br>3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ എ + നേടുന്നവർക്ക്<br>4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്നഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) ക്യാഷ് അവാർഡിന് പുറമേ മെറിറ്റ് സർട്ടിഫിക്കറ്റുകളും മൊമെന്റോയും നൽകുന്നതാണ്. | 5,000/- രൂപ<br>4,000/- രൂപ<br>3,000/- രൂപ<br>3,000/- രൂപ |
| 6 | മാരകരോഗ ചികിൽസാ പദ്ധതി<br>പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും<br>1. ഹൃദ്രോഗം<br>2. വൃക്കരോഗം<br>3. കാൻസർ<br>4. തളർവാതം<br>5. മാനസിക രോഗം<br>6. ഗർഭാശയം സംബന്ധമായ രോഗം | 25,000/- രൂപ<br>25,000/- രൂപ<br>25,000/- രൂപ<br>10,000/- രൂപ<br>10,000/- രൂപ<br>5,000/- രൂപ |
| 7 | വിവാഹ ധനസഹായ പദ്ധതി | 25,000/രൂപ |
| 8 | കുടുംബ സംവിധാന പദ്ധതി | 500/-രൂപ |
| 9 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി .<br>ഹയർ സെക്കന്ററി (+2) , വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം | 5000/-രൂപ |
| 10 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ്<br>തീരുമാന പ്രകാരം<br>(പരമാവധി 50,000/- രൂപ) |
| 11 | മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ | 1,00,000/- രൂപ |

| | | |
|---|---|---|
| | ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം | |
| 12 | അനുബന്ധത്തൊഴിലാളിയുടെ ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം | 2000/-രൂപ |
| 13 | അപകടം മൂലം ഉണ്ടാവുന്ന താൽക്കാലിക അവശത | പരമാവധി 500/- രൂപ |
| 14 | അനുബന്ധത്തൊഴിലാളികൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ട് | പരമാവധി 5000/- രൂപ |
| 15 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടുന്ന അനുബന്ധത്തൊഴിലാളിയുടെ മക്കൾക്ക് പ്രോത്സാഹന പദ്ധതി | പരമാവധി 10000/- രൂപ |

**<u>പ്രത്യേക പദ്ധതികൾ</u>**

| | | |
|---|---|---|
| 1 | തണൽ പദ്ധതി **(**മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി) (ഒരു തൊഴിലാളിക്ക്) | 1350/-രൂപ |

2. **സാന്ത്വനതീരം പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി/ പെൻഷണർമാർ )**

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക (പ്രതിവർഷം പരമാവധി) |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- രൂപ |
| 2 | വൃക്കരോഗം/ഡയാലിസിസ് | 50,000/- രൂപ |
| 3 | കരൾരോഗം | 20,000/- രൂപ |
| 4 | കാൻസർ | 50,000/- രൂപ |
| 5 | കണ്ണ് ചികിൽസ | **10**,000/- രൂപ |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- രൂപ |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- രൂപ |
| 8 | ഓട്ടിസംചികിൽസ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | **2**0,000/- രൂപ |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി) | 10,000/- രൂപ |

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ

## 14 പുതിയ പദ്ധതികൾ

**(മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും)**

| ക്രമ നമ്പർ | പദ്ധതി | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം | 25,000/-രൂപ |
| 2 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്ക ന്നതിനുള്ള പദ്ധതി | 10,000/-രൂപ വീതം (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 3 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000/-രൂപ (14 ജില്ലകൾക്കും) |
| 4 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25,000 /-രൂപ (പരമാവധി) |
| 5 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. | ബോർഡ് തീരുമാന പ്രകാരം |
| 6 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായിധനസഹായം നൽകുന്ന പദ്ധതി. | 1,00,000/-രൂപ |
| 7 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000/-രൂപ |
| 8 | ഗ്രന്ഥശാല/ വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000 /-രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 9 | മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000/- രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 10 | മത്സ്യ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000/-രൂപ ( 14 ജില്ലകൾക്ക്) |
| 11 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000/-രൂപ (പരമാവധി) |
| 12 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി | 50,000/-രൂപ |
| 13 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധന സഹായം നൽകുന്ന പദ്ധതി | 1,00,000/-രൂപ |

| | | |
|---|---|---|
| 14 | യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്ന് , രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി | ഒന്നാം റാങ്ക് 10,000/- രൂപ<br>രണ്ടാം റാങ്ക് 9000/- രൂപ<br>മൂന്നാം റാങ്ക് 8000/- രൂപ |

**അനുബന്ധം – II**

| ക്രമ നം | 2021 മുതൽ നടപ്പിലാക്കിയ പദ്ധതികൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതിക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറികിട തൊഴിൽ സംരഭങ്ങൾ | 1003 | 2701 | 2077.74 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൽവിംഗ് ഫണ്ട് | 1513 | 4598 | 747.59 |
| 3 | ടെക്നോളജി ഇമ്പ്രൂവ്മെന്റ് | 432 | 1210 | 169.09 |
| 4 | ഗ്രാജ്യൂവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ് ടു ബിസിനെസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി) | 956 | 2753 | 36.58 |
| 5 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | ... | 12349 | 96.12 |
| 6 | ബ്രാന്റിംഗ് &മാർക്കറ്റിംഗ് | .... | 4286 | 52.32 |
| 7 | ജെ.എൽ.ജി പലിശ രഹിത വായ്പ | 619 | 3095 | 309.50 |
| 8 | സീ ഫുഡ് റെസ്റ്റാറെന്റ് | 31 | 155 | 155 |
| 9 | തീരമാവേലി | 15 | 53 | 115.83 |
| 10 | ഹൈജീനിക് റെഫ്രിജറെറ്റഡ് മൊബൈൽ ഫിഷന്റിംഗ് കിയോസ്ക് | 40 | 83 | 15.41 |
| | **ആകെ** | **4609** | **31283** | **3775.18** |